I/58277/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – വനിതാ ശിശുക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണം- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2022 ജൂൺ മുതൽ 2022 ആഗസ്റ്റ് വരെയുള്ള വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ.(പി) നം.29/2021/ധന. തീയതി.11-2-2021
2. സ.ഉ.(സാധാ) നം.292/2022WCDD തീയതി.30-5-2022
3. ഈ കാര്യാലയത്തിലെ 17.06.2022 ഇതേ നമ്പർ ഉത്തരവ്
4. തിരുവനന്തപുരം ഗവ.മഹിളാ മന്ദിരം സൂപ്രണ്ടിന്റെ 28.08.2022ലെ ധനവിനിയോഗ സാക്ഷ്യപത്രം
5. തിരുവനന്തപുരം ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 05.08.2022 ലെ SHT/56/2022 നമ്പർ കത്ത്
6. പത്തനംതിട്ട ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 30.08.2022 ലെ CHPTA 140/22 നം.കത്ത്
7. പത്തനംതിട്ട ഗവ.മഹിളാ മന്ദിരം സൂപ്രണ്ടിന്റെ 18.07.2022 MMP/111/2022 നം.കത്ത്

**<u>ഉത്തരവ് നം. DWCD/1160/2022-PC1 തീയതി: 05-09-2022</u>**

വനിത ശിശു വികസന വകുപ്പിലെ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി നിയമിച്ചിട്ടുള്ള മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2022-23 സാമ്പത്തിക വർഷം വേതനം അനുവദിക്കുന്നതിനായി 93,95,640/-രൂപ അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം 2022 മാർച്ച് മുതൽ 2022 മെയ് വരെയുള്ള വേതനം മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പരാമർശം (4) മുതൽ (7) വരെ പ്രകാരം പ്രസ്തുത തുകയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം ജില്ലാ ഓഫീസിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയമിച്ചത് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കിയ മാനദണ്ഡപ്രകാരം അല്ലാത്തതിനാൽ പ്രസ്തുത നിയമനത്തിന് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ ഓഫീസിൽ നിന്ന് കത്ത് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകാത്തതിനാൽ നിയമനം ലഭിച്ച വ്യക്തികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ ടി സ്ഥാപനങ്ങളിൽ ജോലി നോക്കിയ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ മാത്രം വേതനം അനുവദിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ടി സ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2022 ജൂൺ മുതൽ 2022 ആഗസ്റ്റ് വരെയുള്ള വേതനം നൽകുന്നതിനായി 3,20,265/- രൂപ ( മൂന്ന് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ഇതോടൊപ്പം ചേർത്തിട്ടുള്ള അനുബന്ധം എ പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം 2235-02-001-89(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അനുബന്ധം ബി പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന

I/58277/2022

സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിവസങ്ങൾക്കനുസൃതമായി തുക അനുവദിച്ച് നൽകേണ്ടതും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്കും

ബന്ധപ്പെട്ട ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ് :

1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നല്കുന്നതിലേക്കായി)
2. പ്രോഗ്രാം മാനേജർ, ICPS
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**അനുബന്ധം A**

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക (രൂപ ) |
|---|---|---|
| 1 | തിരുവനന്തപുരം | 215325 |
| 2 | പത്തനംതിട്ട | 104940 |
| | | 320265 |

**അനുബന്ധം B**

| ജില്ല | സ്ഥാപനം | MTCP മാരുടെ എണ്ണം | 2022 മാർച്ച് മുതൽ 2022 മെയ് വരെ അനുവദിച്ച തുക (രൂപ) | സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക (രൂപ) | 2022 ജൂൺ മുതൽ 2022 ആഗസ്റ്റ് വരെ അനുവദിക്കേണ്ട തുക (രൂപ) | 2022 ജൂൺ മുതൽ 2022 ആഗസ്റ്റ് വരെ അനുവദിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|---|
| തിരുവനന്തപുരം | ഗവ.മഹിളാ മന്ദിരം | 2 | 109350 | 0 | 109350 | 109350 |
| | ചിൽഡ്രൻസ് ഹോം | 2 | 109350 | 3375 | 109350 | 105975 |
| പത്തനംതിട്ട | ചിൽഡ്രൻസ് ഹോം | 1 | 54675 | 5400 | 55170 | 49770 |
| | ഗവ.മഹിളാ മന്ദിരം | 1 | 54675 | 0 | 55170 | 55170 |

I/58277/2022

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ആകെ | | 6 | 328050 | 8775 | 329040 | 320265 |

Signed by Priyanka G
Date: 05-09-2022 14:26:21